# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- ജെ.ജെ സ്ഥാപനങ്ങളിൽ മധ്യവേനലവധിക്കാലത്ത് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച്

പരാമർശം : 29.03.2017-ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സാമൂഹ്യ നീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി നൽകിയ നിർദ്ദേശം.

## ഉത്തരവ് നമ്പർ ICPS 2/9511/2017 തീയതി : 06/04/2017

സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ജെ.ജെ സ്ഥാപനങ്ങളിലെ കുട്ടികൾക്കു വേണ്ടി മധ്യവേനലവധിക്കാലത്ത് പാഠ്യേതരമായ കലാകായിക ഇനങ്ങളിൽ പ്രത്യേക പരിശീലനങ്ങൾ നൽകേണ്ടതുണ്ട്. ആയത് കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കും മാനസിക ഉല്ലാസത്തിനും ഉതകുന്നതാണ് മാത്രമല്ല അവധിക്കാലം കുട്ടികൾക്ക് ആനന്ദകരവും പ്രയോജനകരവുമാവുകയും ചെയ്യും. ആയതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള കലാകായിക പരിശീലന പരിപാടികൾ ചിൽഡ്രൻസ് ഹോമുകളിലേയും സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളിലേയും കുട്ടികൾക്ക് വേണ്ടി സംഘടിപ്പിക്കേണ്ടതാണ്.

1. <u>യോഗ പരിശീലനം:-</u>

മധ്യവേനലവധിക്കാലമായ ഏപ്രിൽ, മെയ് മാസങ്ങളിൽ കുട്ടികൾക്ക് യോഗ പരിശീലനം നൽകണം. ആയതിലേയ്ക്ക് അതാതു സ്ഥലത്തു നിന്നുള്ള വിദഗ്ദരായ യോഗ പരിശീലകരെ കണ്ടെത്തി കുട്ടികൾക്ക് യോഗ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. <u>കുട്ടികളിൽ വായനശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ:-</u>

ഏപ്രിൽ, മെയ് മാസങ്ങൾ സ്ഥാപനങ്ങളിൽ വായനാ മാസങ്ങളായി ആചരിക്കണം. ആയതിനു വേണ്ടിയുള്ള സൗകര്യങ്ങൾ സ്ഥാപന സൂപ്രണ്ടുമാർ ഒരുക്കി നൽകേണ്ടതാണ്. ആയതിലേയ്ക്ക് കുട്ടികൾക്ക് രസകരവും വിജ്ഞാനദായകവുമായ പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായനയ്ക്കായി നൽകണം. ഓരോ പുസ്തകവും വായിച്ചതിനു ശേഷം അതിനെക്കുറിച്ചുള്ള അവലോകനവും അഭിപ്രായവും ഉൾപ്പെടുത്തി സംക്ഷിപ്തമായ നോട്ടു തയ്യാറാക്കി നൽകുവാനും കുട്ടികളോടു ആവശ്യപ്പെടണം. ഈ നോട്ട് സൂപ്രണ്ട് സൂക്ഷിച്ചു വയ്ക്കണം. മെയ് മാസാവസാനം മറ്റു കുട്ടികളുടേയും ക്ഷണിയ്ക്കപ്പെട്ടവരുടേയും മുൻപാകെ വായിച്ച പുസ്തകങ്ങൾ സംബന്ധിച്ച് കുട്ടികൾ തന്നെ അവതരണം നടത്തേണ്ടതാണ്. ഏറ്റവും നന്നായി അവതരണം നടത്തുന്ന കുട്ടിയ്ക്ക് യോഗത്തിൽ വച്ച് സമ്മാനവും നൽകണം. കുട്ടികൾ നടത്തുന്ന അവതരണങ്ങളിൽ നല്ലത് തെരഞ്ഞെടുത്ത് പുസ്തകരൂപത്തിലാക്കി സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതാണ്. ഇതിന് സംസ്ഥാന തലത്തിൽ സമ്മാനം നൽകുന്നതാണ്.

3. <u>നീന്തൽ/സൈക്ലിംഗ് പരിശീലനം സംഘടിപ്പിക്കൽ:-</u>

താത്പര്യവും ശേഷിയുമുള്ള കുട്ടികൾക്ക് നീന്തൽ, സൈക്ലിംഗ് എന്നീ ഇനങ്ങളിൽ പരിശീലനം സംഘടിപ്പിയ്ക്കാവുന്നതാണ്. ആയതിന് അതാതു സ്ഥലത്ത് നിന്നുള്ള

പരിശീലകരെ കണ്ടെത്തിയോ ഏതെങ്കിലും ക്ലബ്ബുമായി സഹകരിച്ചോ പരിശീലനം സംഘടിപ്പിക്കാം. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കി കൊണ്ടു വേണം പ്രസ്തുത പരിശീലനം സംഘടിപ്പിക്കേണ്ടത്. പരിശീലകനെ തെരഞ്ഞെടുക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം. പെൺകുട്ടികൾക്കുള്ള പരിശീലനത്തിന് സ്ത്രീകളെ മാത്രമേ നിയോഗിക്കുവാൻ പാടുള്ളൂ.

4. കലാകായിക പരിശീലനം:-

കുട്ടികൾക്കു അനുയോജ്യമായ കലാകായിക പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന് അതാതു സ്ഥലത്തെ കലാകായിക പ്രവർത്തകരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

5. ലൈഫ് സ്കിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുക:-

കുട്ടികളുടെ ചിന്തയും, ഭാവനയും, ആത്മവിശ്വാസവും വളർത്തുന്ന രീതിയിലുള്ള മോട്ടിവേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കണം, ആയതിന് ഇത്തരം മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്താം.

മധ്യവേനലവധിക്കാലം സ്ഥാപനത്തിലെ കുട്ടികൾക്ക് മാനസികോല്ലാസദായകവും ആനന്ദപ്രദവും വിജ്ഞാനപ്രദവും ആക്കി തീർക്കുന്നതിനുള്ള നടപടികൾ അതാതു സ്ഥാപനസൂപ്രണ്ടുമാർ കൈകൊള്ളേണ്ടതാണ്.

ഒരോ സ്ഥാപനവും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി 2017 ജൂൺ 10-ാം തീയതിക്കു മുൻപ് ഈ ഓഫീസിൽ സമർപ്പിക്കണം. പ്രസ്തുത റിപ്പോർട്ടിൽ ചെലവ് സംബന്ധമായ സ്റ്റേറ്റ്മെൻറ് ഉണ്ടായിരിക്കണം.

ഇക്കാര്യം മാനേജ്മെൻറ് കമ്മിറ്റിയി ചർച്ച ചെയ്ത് ആവശ്യമായ കാര്യങ്ങളിൽ കമ്മിറ്റിയുടെ നിർദ്ദേശം സ്വീകരിക്കണം.

ഈ സാഹചര്യത്തിൽ മധ്യ വേനലവധിക്കാലത്ത് ജെ.ജെ സ്ഥാപനങ്ങളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നതിന് ചുവടെ ചേർക്കുന്ന ചിൽഡ്രൻസ് ഹോം/സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകൾക്ക് 10,000/-രൂപ (പതിനായിരം രൂപ മാത്രം) വീതം അനുവദിച്ച് ഉത്തരവാകുന്നു.

എ. ഗവ ചിൽഡ്രൻസ് ഹോമുകൾ

1. ഗവ ചിൽഡ്രൻസ് ഹോം, പൂജപ്പുര, തിരുവനന്തപുരം
2. ഗവ ചിൽഡ്രൻസ് ഹോം, കൊല്ലം
3. ഗവ ചിൽഡ്രൻസ് ഹോം, കോട്ടയം
4. ഗവ ചിൽഡ്രൻസ് ഹോം, മായിത്തറ, ആലപ്പുഴ.
5. ഗവ ചിൽഡ്രൻസ് ഹോം, നൂറനാട്, ആലപ്പുഴ
6. ഗവ ചിൽഡ്രൻസ് ഹോം, എറണാകുളം (ഗേൾസ്)
7. ഗവ ചിൽഡ്രൻസ് ഹോം, രാമവർമ്മപുരം, തൃശൂർ
8. ഗവ ചിൽഡ്രൻസ് ഹോം, വെള്ളിമാടുകുന്ന്, കോഴിക്കോട് (ബോയ്സ്)
9. ഗവ ചിൽഡ്രൻസ് ഹോം, വെള്ളിമാടുകുന്ന്, കോഴിക്കോട് (ഗേൾസ്)
10. ഗവ ചിൽഡ്രൻസ് ഹോം, കണ്ണൂർ (ഗേൾസ്)

ബി. ഗവ സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകൾ

11. ഗവ സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, പത്തനംതിട്ട
12. ഗവ സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, പാലക്കാട്.
13. ഗവ സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, വയനാട്.

14. ഗവ സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, മലപ്പുറം.
15. ഗവ സ പെഷ്യൽ ചിൽഡ്രൻസ് ഹോം, തലശ്ശേരി, കണ്ണൂർ.
16. ഗവ സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, കാസർഗോഡ്.

ടി തുക (10,000/-രൂപ വീതം 16 ഹോമുകൾക്ക് ആകെ 1,60,000/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-61 (P) 34 OC-യിൽ സ്റ്റേറ്റ് ഫണ്ടിൽ നിന്നും അതാത് ജില്ലകളിലെ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്ക് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ ടി തുക അതാത് ഗവ ചിൽഡ്രൻസ് ഹോം/ ഗവ സ്പെഷ്യൽ ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. ടി തുകയുടെ റസീപ്റ്റ്, ധനവിനിയോഗ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ സ്ഥാപനസൂപ്രണ്ടുമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ആക്റ്റിവിറ്റി റിപ്പോർട്ട് ജൂൺ ആദ്യവാരം സൂപ്രണ്ടുമാർ അയച്ചു തരേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യ നീതി ഡയറക്ടർ
ആൻഡ് മെമ്പർ സെക്രട്ടറി
എസ്.സി.പി.എസ്

എല്ലാ ചിൽഡ്രൻസ് ഹോം/
സ്പെഷ്യൽ ചിൽഡ്രൻസ് ഹോം
സൂപ്രണ്ടുമാർക്കും

പകർപ്പ്

1. എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
2. സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ
   (അലോട്ട്മെൻറ് നൽകുന്നതിനു വേണ്ടി)
3. ഐ.സി.പി.എസ് - 4
4. സ്റ്റോക്ക് ഫയൽ
5. സ്പെയർ കോപ്പി

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്